44868/AD-LEG-ASST-4/2014/Admn 08.02.2023

# മെമ്മോ

**വിഷയം** : ശ്രീ. അനിൽകുമാർ കെ. പി.,(ഐ.ഡി. നം.2738), അസിസ്റ്റന്റ് എന്നവർ അനധികൃതമായി ജോലിയിൽ നിന്നും വിട്ടുനിൽക്കുന്നുവെന്ന ആരോപണത്തിൽ 30.12.2022 തീയതിയിൽ ചേർന്ന സിന്റിക്കേറ്റ് തീരുമാനം അറിയിക്കുന്നത് സംബന്ധിച്ച് .

**സൂചന** : 1) 15.07.2015 തീയതിയിലെ സർവ്വകലാശാല ഉത്തരവ് നമ്പർ 7596/2015/Admn.

2) 18.12.2015 തീയതിയിൽ അന്വേഷണ ഉദ്യോഗസ്ഥൻ സമർപ്പിച്ച റിപ്പോർട്ട് .

3) 08.02.2016 തീയതിയിലെ 1398/2016/Admn നമ്പർ സർവ്വകലാശാല ഉത്തരവ്.

4) 21.05.2016 തീയതിയിലെ 6362/2016/Admn നമ്പർ സർവ്വകലാശാല ഉത്തരവ്

5) 16.02.2021 തീയതി 1995/2021/Admn ഉത്തരവ്

6) 09.11.2022 തീയതിയിലെ അന്വേഷണ കമ്മിറ്റിയുടെ റിപ്പോർട്ട്.

7) 30.12.2022 തീയതിയിൽ ചേർന്ന സിൻഡിക്കേറ്റ് യോഗത്തിന്റെ ഇനം നമ്പർ 2022.1499* പ്രകാരമുള്ള തീരുമാനം.

ശ്രീ. അനിൽകുമാർ കെ. പി.,(ഐ.ഡി. നം.2738), അസിസ്റ്റന്റ് എന്നവരെ ജോലിയിൽ നിന്നും അനധികൃതമായി വിട്ടു നിൽക്കുന്നു എന്ന ആരോപണത്തിൽ താഴെ പറയുന്ന വസ്തുതകൾ ഇതിനാൽ അറിയിക്കുന്നു:

സൂചന (1) പ്രകാരം, ശ്രീ. അനിൽകുമാർ കെ. പി.,(ഐ.ഡി. നം.2738), അസിസ്റ്റന്റ് എന്നവർ ജോലിയിൽ ഹാജരാവുന്നതിലും ഡ്യൂട്ടി ചെയ്യുന്നതിലും തുടർച്ചയായി കടുത്ത അശ്രദ്ധ കാണിക്കുകയും 20.02.2014 മുതൽ ജോലിയിൽ നിന്നും അനധികൃതമായി വിട്ടു നിൽക്കുന്നു എന്ന ആരോപണത്തിൽ അന്വേഷണം നടത്തുന്നതിന് ഭരണ വിഭാഗം അസിസ്റ്റന്റ് രജിസ്ട്രാർ ശ്രീ. ചന്ദ്രഭാനു ടി.കെ. യെ നിയമിക്കുകയുണ്ടായി.

സൂചന (2) പ്രകാരം, അന്വേഷണ ഉദ്യോഗസ്ഥൻ സമർപ്പിച്ച റിപ്പോർട്ടിൽ കാലിക്കറ്റ് സർവ്വകലാശാല ഫസ്റ്റ് സ്റ്റാറ്റ്യൂട്ട്സ് 1977, അധ്യായം 4 ലെ, പാർട്ട് III, സ്റ്റാറ്റ്യൂട്ട് 25 B യിൽ നിഷ്കർഷിച്ചിട്ടുള്ള ചട്ടങ്ങൾ അനുസരിച്ചുള്ള മേജർ പെനാൽറ്റി ആരോപണ വിധേയനായ ഉദ്യോഗസ്ഥനെതിരെ ചുമത്താൻ ശുപാർശ ചെയ്തു.

ടി റിപ്പോർട്ട് 21.01.2016 തീയതിയിൽ നടന്ന സ്റ്റാന്റിംഗ് കമ്മിറ്റി ഓൺ സ്റ്റാഫ് ആൻഡ് ലീഗൽ അഫയേഴ്സ് പരിഗണിക്കുകയും സിൻഡിക്കേറ്റ് അംഗങ്ങളായ ശ്രീ. കെ. വിശ്വനാഥ് കൺവീനർ ആയും ശ്രീ പി. കെ. സുപ്രൻ, ഡോ. അബ്ദുൽ ഹമീദ് വി. പി.എന്നിവർ അംഗങ്ങളായുമുള്ള ഒരു കമ്മിറ്റിയെ ഈ വിഷയം വിശദമായി പഠിക്കുന്നതിനായി സൂചന (3) പ്രകാരം നിയമിച്ചു.

തുടർന്ന്, സൂചന (4) പ്രകാരം, ശ്രീ പി. കെ. സുപ്രനു പകരം ഡോ. സി. ഒ.ജോഷിയെ നിയമിച്ചു കൊണ്ട് ടി കമ്മിറ്റി പുനഃസംഘടിപ്പിച്ചു. പക്ഷെ ടി കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചില്ല.

ടി കമ്മിറ്റിയിലെ സിൻഡിക്കേറ്റ് അംഗങ്ങളുടെ കാലാവധി പൂർത്തിയായതിനാൽ 30.01.2021 തീയതിയിൽ ചേർന്ന സിൻഡിക്കേറ്റ് ഇനം നമ്പർ 2021.16* തീരുമാന പ്രകാരം, അനധികൃതമായി ജോലിയിൽ നിന്നും വിട്ടു നിൽക്കുന്ന ശ്രീ. അനിൽകുമാർ കെ. പി. (ഐഡി. നം.2738) എതിരെ അന്വേഷണം നടത്തുന്നതിനായി സിൻഡിക്കേറ്റ് അംഗങ്ങളായ ശ്രീ. കെ. കെ. ഹനീഫ, ഡോ. എം. മനോഹരൻ, ശ്രീ. എ. കെ. രമേശ് ബാബു എന്നിവർ ഉൾക്കൊണ്ട ഒരു അന്വേഷണ കമ്മിറ്റി സൂചന (5) പ്രകാരം രൂപീകരിച്ചു.

സൂചന (6) പ്രകാരം, ശ്രീ. അനിൽകുമാർ കെ. പി., എന്നവർ 20.02.2014 മുതൽ അനധികൃതമായി ജോലിയിൽ നിന്ന് വിട്ടു നിൽക്കുകയാണെന്ന് സിൻഡിക്കേറ്റ് അംഗങ്ങളായ ശ്രീ കെ. കെ.ഹനീഫ, ഡോ. എം. മനോഹരൻ, ശ്രീ. എ. കെ. രമേഷ് ബാബു എന്നിവർ ഉൾപ്പെട്ട അന്വേഷണ കമ്മിറ്റി കണ്ടെത്തി.

സൂചന (7) പ്രകാരം, 30.12.2022 തീയതിയിൽ ചേർന്ന സിൻഡിക്കേറ്റ്, ടി. അന്വേഷണ കമ്മിറ്റി റിപ്പോർട്ട് പരിഗണിക്കുകയും വിശദമായ ചർച്ചക്ക് ശേഷം, CUFS 1977 അധ്യായം 4, പാർട്ട് III, സ്റ്റാറ്റ്യൂട്ട് 25 B (vi) പ്രകാരം, ശ്രീ. അനിൽകുമാർ കെ. പി. എന്നവർക്ക് നിർബന്ധിത വിരമിക്കൽ നടപ്പിലാക്കുന്നതിനും തീരുമാനിച്ചു.

ആയതിനാൽ, ശ്രീ. അനിൽകുമാർ കെ. പി., എന്നവർക്ക് സർവ്വകലാശാല സർവീസിൽ നിർബന്ധിത വിരമിക്കൽ നടപ്പിലാക്കാനുള്ള സിൻഡിക്കേറ്റ് തീരുമാനത്തിൽ എന്തെങ്കിലും ബോധിപ്പിക്കാനുണ്ടെങ്കിൽ ആയത് ഈ മെമ്മോ കിട്ടുന്ന തീയതി മുതൽ 15 ദിവസങ്ങൾക്കുള്ളിൽ രേഖാമൂലം ബോധിപ്പിക്കേണ്ടതാണ്. അല്ലാത്തപക്ഷം ടിയാന് ഇക്കാര്യത്തിൽ എതിർവാദങ്ങളൊന്നും ബോധിപ്പിക്കുവാനില്ലെന്ന നിഗമനത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

Jyothi Kumar C

Joint Registrar

ഉള്ളടക്കം : 1. അന്വേഷണ കമ്മിറ്റി റിപ്പോർട്ട്.

2. 20.01.2023 തീയതിയിലെ 1071/ 2023 /Admn നമ്പർ സർവ്വകലാശാല ഉത്തരവിന്റെ പകർപ്പ് .

സ്വീകർത്താവ് : ശ്രീ. അനിൽകുമാർ കെ.പി., S/o. രാധ കെ.പി., കണ്ണഞ്ചിറ പറമ്പിൽ (ഹൗസ്), തവനൂർ പി.ഓ., കുറ്റിപ്പുറം (വഴി), മലപ്പുറം -679 573.